പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 236 — 10.10.2011-ൽ മറുപടിക്ക്.

# മ്യൂസിയങ്ങളുടെയും മൃഗശാലകളുടെയും നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.പാലോട് രവി<br>ശ്രീ. പി. എ. മാധവൻ | കുമാരി പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗക്ഷേ വും യുവജന കാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മ്യൂസിയങ്ങളുടെയും മൃഗശാലകളുടെയും നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) | മ്യൂസിയങ്ങളുടെ നവീകരണത്തിനായി നിലവിലുള്ള മ്യൂസിയം കെട്ടിടങ്ങൾ ബലപ്പെടുത്തി ആധുനികരീതിയിൽ സന്ദർശകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാകുംവിധം പ്രദർശനവസ്തുക്കൾ വിന്യസിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രദർശനവസ്തുക്കൾ നീണ്ടകാലം നിലനിർത്തുന്നതിന് ആവശ്യമായ സംരക്ഷണപ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കേന്ദ്രമൃഗശാലാ അതോറിറ്റിയുടെ നിബന്ധനകൾ പാലിച്ചുകൊണ്ട് മൃഗശാലകൾ ആധുനികവൽക്കരിച്ചുവരുന്നുണ്ട്. |
| (ബി) | ഇവിടെ സന്ദർശകർക്ക് പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് ; | സി) | നിലവിലുള്ള സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് പുറമെ സന്ദർശകർക്ക് ഉദ്യാനത്തിലും, മൃഗശാലക്കകത്തും കൂടുതൽ വിശ്രമ സങ്കേതങ്ങൾ നൽകുന്നതിനും കുടിവെള്ളം, ലഘുപാനീയങ്ങൾ മുതലായവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള ശൗചാലയങ്ങൾ ആവശ്യത്തിന് തികയാത്ത സ്ഥിതിയാണുള്ളത്. അതിനാൽ പുതിയ ക്ളോക്ക് റൂം, ശൗചാലയം എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ കുട്ടികളുടെ കളികേന്ദ്രം ആധുനികമായ രീതിയിൽ വിന്യസിക്കുകയും, കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് സഹായിക്കുമാറ് ആക്ടിവിറ്റി സെന്റർ സജ്ജീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | മ്യൂസിയങ്ങളിലും മൃഗശാലകളിലും സംസ്ഥാനത്തിന്റെ പൈതൃക സവിശേഷതകൾ പ്രതിഫലിപ്പിക്കുന്ന ഗവൺമെന്റ് സ്റ്റാളുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | മ്യൂസിയങ്ങളിലും മൃഗശാലകളിലും സംസ്ഥാനത്തിന്റെ പൈതൃകം, സംസ്കാരം, കരകൗശലം, ജൈവസമ്പത്ത് തുടങ്ങിയവ പ്രതിഫലിക്കുന്ന വിധത്തിലുള്ള സമ്പർക്ക കേന്ദ്രം, സുവനീർ ഷോപ്പ് എന്നിവ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.